

# മെത്രാപ്പോലീത്തായുടെ കത്ത്

(സെപ്റ്റംബർ 2017)

കർത്താവിൽ പ്രിയരേ,

സമത്വസുന്ദരമായ ഒരു പൂർവ്വകാലത്തെ അനുസ്മരിക്കുന്നതും കേരളത്തിന്റെ സാംസ്കാരിക തനിമയെ വെളിവാക്കുന്നതും മതേതരത്വത്തിന്റെ പ്രഭ ചൊരിയപ്പെടുന്നതുമായ ഒരു സുന്ദരമായ കാലയളവാണല്ലോ ഓണക്കാലം. എല്ലാ ജനങ്ങളും സമത്വത്തിന്റെയും ഐക്യത്തിന്റെയും നന്മയും സൗന്ദര്യവും നുകർന്നുകൊണ്ട് ജീവിച്ചിരുന്നതായ ഒരു കാലഘട്ടത്തിന്റെ ഉണർത്തുപാട്ടായാണ് ഓരോ വർഷവും ചിങ്ങമാസത്തിന്റെ തേരിലേറി ഓണം നമ്മുടെ മനസ്സിലേക്കും ഹൃദയത്തിലേക്കും കടന്നുവരുന്നത്. ഗാന്ധിയൻ ദർശനത്തിലൂടെ രൂപപ്പെട്ടതായ ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന സമത്വസുന്ദരമായ ഒരു വ്യവസ്ഥിതിയുടെ ഉത്തമ നിദർശനമാണ് ഓണത്തിന്റെ ആചരണത്തിലൂടെ നാം പ്രഖ്യാപിക്കുന്നത്. കേരളത്തിൽ പദവിയുടെയോ സമ്പത്തിന്റെയോ ഉയർച്ചതാഴ്ചകളൊന്നും കൂടാതെ എല്ലാവരും നമ്മുടെ സംസ്കൃതിയുടെ ആത്മചൈതന്യം ഏറ്റുവാങ്ങി ആഘോഷിക്കുന്ന മഹോത്സവമാണല്ലോ ഓണം. ഇന്നിന്റെ വികൃതികളുടെ മദ്ധ്യത്തിലും നാം സ്വപ്നം കാണുന്ന സുകൃതമാണ് ഓണസങ്കല്പം. ഭരണ കർത്താക്കളും രാഷ്ട്രീയ നേതാക്കളും ഓണക്കാലത്ത് ആശംസകൾ നൽകി വിരുന്നൂട്ടുമെങ്കിലും പ്രവൃത്തിപഥത്തിൽ വരുമ്പോൾ ഓണത്തിന്റെ ദർശനത്തിൽ നിന്നെല്ലാമകന്ന് മൂല്യശോഷണത്തിന് ആക്കം കൂട്ടുന്ന വിധത്തിൽ പലരും പ്രവർത്തിക്കുന്നു എന്നത് ഖേദകരമായ ഒരു യാഥാർത്ഥ്യമത്രെ. കേരളമക്കൾ സഹസ്രാബ്ദങ്ങളായി പുലർത്തിവരുന്ന സാഹോദര്യത്തിന്റെ ഊർജ്ജം ഉൾക്കൊണ്ടാണ് തങ്ങളുടെ വേഷത്തിലൂടെയും ഭാഷയിലൂടെയും ഭക്ഷണകാര്യങ്ങളിലൂടെയും സന്തോഷത്തിന്റെ ഉത്സവങ്ങൾ തീർക്കുന്ന സംഗമങ്ങളിലൂടെയും കേരള മക്കൾ ഓണം ആഘോഷിക്കുന്നത്. നമ്മൾ ഉയർത്തിക്കാട്ടുന്നതായ നന്മ നിറഞ്ഞതും ഐശ്വര്യസമൃദ്ധവുമായ ഒരു വ്യവസ്ഥിതിയെക്കുറിച്ചുള്ള സുന്ദരസ്വപ്നങ്ങൾ ഒരു അനുദിനജീവിതാനുഭവമായി തീരുവാൻ ഇടയാകട്ടെ എന്ന് ആശംസിക്കുന്നു. നമ്മുടെ ആദരണീയനായ മുൻ പ്രസിഡന്റ് ഡോ. എ.പി.ജെ. അബ്ദുൾ കലാം രാഷ്ട്രത്തിനു നൽകിയ പ്രബോധനം നമുക്ക് ഹൃദയപൂർവ്വം ഉൾക്കൊള്ളാം. "സ്വപ്നം കാണുക, ആ സ്വപ്നങ്ങളെക്കുറിച്ച് ചിന്തിക്കുക, ആ ചിന്തകളെ പ്രവൃത്തിയിലൂടെ സഫലമാക്കുക".

2017-20 കാലഘട്ടത്തിലേക്കുള്ള ഭദ്രാസന അസംബ്ലികളുടെയും സഭാമണ്ഡലത്തിന്റെയും സംഘടനകളുടെയും തിരഞ്ഞെടുപ്പുകളും നിയമനങ്ങളും പൂർവ്വാധികം സൗഹൃദപരമായും സഹകരണത്തോടുകൂടിയും നടത്തപ്പെട്ടു. എന്നാൽ ചില ഇടങ്ങളിൽ സ്ഥാനാർത്ഥികൾ തമ്മിൽ വ്യക്തിഹത്യ നടത്തുന്ന വിധത്തിലുള്ള പ്രവണതകൾ പ്രത്യക്ഷപ്പെട്ടത് സങ്കടകരമത്രെ. മത്സരങ്ങൾ വ്യക്തിവിദ്വേഷം തീർക്കാനുള്ള അവസരങ്ങളായി കാണുമ്പോൾ നാം ദൈവത്തിൽ നിന്നും നമ്മുടെ സഹോദരരിൽ നിന്നും അന്യപ്പെട്ട് ക്രിസ്തീയ മൂല്യങ്ങളെ ബലികഴിക്കുന്നവരായി തീരുകയാണെന്നോർക്കണം. അധികാരത്തിനുവേണ്ടിയുള്ള കയ്യാംകളിയല്ല സഭയുടെ തിരഞ്ഞെടുപ്പുകൾ. ദൈവസ്നേഹത്തിൽ അധിഷ്ഠിതമായി ക്രിസ്തുവിന്റെ സാക്ഷികളായി പ്രവർത്തിക്കാനുള്ള ശുശ്രൂഷാസ്ഥാനങ്ങളാണ് സഭയുടെ എല്ലാ സ്ഥാനങ്ങളും പദവികളുമെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. കഴിഞ്ഞ മൂന്നു സംവത്സരങ്ങൾ സഭയുടെയും അംഗീകൃത സംഘടനകളുടെയും സ്ഥാപനങ്ങളുടെയും ചുമതലാസ്ഥാനങ്ങളിലും സമിതികളിലും നിസ്തുല സേവനം അനുഷ്ഠിച്ചവരോടുള്ള സഭയുടെ അഭിനന്ദനം അറിയിക്കുന്നു. പുതുതായി ചുമതലാസ്ഥാനങ്ങൾ ഏറ്റെടുക്കുന്നവരും വിവിധ സമിതികളിൽ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടവരും ദൈവം നൽകിയ നിയോഗമായി തങ്ങളുടെ ദൗത്യത്തെ തിരിച്ചറിഞ്ഞ് ശുശ്രൂഷകൾ അനുഷ്ഠിപ്പാൻ കൃപാകരനായ ദൈവം കരുണ പകരട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. "യഹോവാ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയും ഉള്ളവൻ. യഹോവ എല്ലാവർക്കും നല്ലവൻ. തന്റെ സകല പ്രവൃത്തികളോടും അവനു കരുണ തോന്നുന്നു, യഹോവേ, നിന്റെ സകല പ്രവൃത്തികളും നിനക്കു സ്തോത്രം ചെയ്യും. നിന്റെ ഭക്തന്മാർ നിന്നെ വാഴ്ത്തും" (സങ്കീ. 145:8-10). അടുത്ത മൂന്നു സംവത്സരത്തിലേക്കുള്ള സഭയുടെ സൃഷ്ടിപരവും ക്രിയാത്മകവുമായ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ ഏവരേയും ഹൃദയപൂർവം സ്വാഗതം ചെയ്യുന്നു.

ഇംഗ്ലണ്ടിലുള്ള നമ്മുടെ ഇടവകകൾ ഡയമണ്ട് ജൂബിലിയുടെ നിറവിലെത്തിയിരിക്കുകയാണ്. ഓഗസ്റ്റ് മാസം 24 മുതൽ 27 വരെയുള്ള തീയതികളിൽ വളരെ അനുഗൃഹീതമായ രീതിയിൽ ജൂബിലി ആഘോഷങ്ങൾ നടന്നു. അതിനു മുമ്പ് ഇംഗ്ലണ്ടിൽ ഗ്രീനിച്ച് യൂണിവേഴ്സിറ്റിയ്ക്കു സമീപം നാം വാങ്ങിയതായ അഞ്ചേക്കർ സ്ഥലത്ത് ഒരു പള്ളി പണിയുന്നതിന് അനുമതി ലഭിച്ചതിനേതുടർന്ന് പള്ളിയ്ക്കുള്ള അടിസ്ഥാന ശില സ്ഥാപിക്കുന്നതിനിടയായി. ഇംഗ്ലണ്ടിൽ കല്ലിട്ട് നാം പണിയുന്ന ആദ്യത്തെ പള്ളിയാണിത്. യൂറോപ്പിലും ഇംഗ്ലണ്ടിലുമുള്ള നമ്മുടെ ഇടവകകൾ നല്ല പാരസ്പര്യത്തിലും സഹകരണത്തിലും പ്രവർത്തിക്കുവാൻ, പരസ്പരം പ്രോത്സാഹനം നൽകി ആത്മീയമായി വളരുവാൻ ഈ നിർമ്മാണപ്രവർത്തനങ്ങൾ സഹായകരമായിത്തീരട്ടെ എന്നാശംസിക്കുന്നു.

നമ്മുടെ തിരുവല്ല സെന്റ് തോമസ് ടീച്ചർ ട്രെയിനിംഗ്

ഇൻസ്റ്റിറ്റ്യൂട്ട് ഈ വർഷത്തെ പത്തനംതിട്ട റവന്യൂ ജില്ലാ കലോത്സവത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയെന്നത് അഭിമാനകരമായ ഒരു വസ്തുതയാണ്. കഴിഞ്ഞ വർഷവും റ്റി.റ്റി.ഐ. കലോത്സവത്തിൽ നമ്മുടെ റ്റി.റ്റി.ഐ. യ്ക്ക് ഓവറോൾ ചാമ്പ്യൻഷിപ്പ് ലഭിച്ചിരുന്നു. ഉന്നത നേട്ടം കൈവരിച്ച റ്റി.റ്റി.ഐ യിലെ എല്ലാ പ്രവർത്തകരെയും വിദ്യാർത്ഥികളെയും പ്രത്യേകം അഭിനന്ദിക്കുന്നു. ഡി.എഡ്. കോഴ്സിന് അപേക്ഷകരുടെ ലഭ്യതക്കുറവ് പലയിടങ്ങളിലും അനുഭവപ്പെടുമ്പോഴും നമ്മുടെ റ്റി.റ്റി.ഐ യിൽ ഈ വർഷം എൻ.സി.റ്റി.ഇ അനുവദിച്ച മുഴുവൻ സീറ്റുകളിലേക്കും പ്രവേശനം നടത്തുവാൻ തക്കവണ്ണം അപേക്ഷകരുണ്ടായി എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

കഴിഞ്ഞ മൂന്നു വർഷക്കാലം നമ്മുടെ മാർത്തോമ്മാ സ്കൂൾസ് കോർപ്പറേറ്റ് മാനേജരായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ഡോ. സൂസമ്മ മാത്യു ഈ ആഗസ്റ്റ് മാസം 31-ാം തീയതി സേവനത്തിൽ നിന്ന് വിരമിക്കുകയാണ്. അനുഗൃഹീത സേവനം നിർവ്വഹിച്ച ഡോ. സൂസമ്മ മാത്യുവിനെയും സഹപ്രവർത്തകരെയും പ്രത്യേകം അഭിനന്ദിക്കുന്നു. ഈ കാലയളവിലുണ്ടായ ഒരു ദുഃഖകരമായ അനുഭവമത്രെ മാനേജരുടെ ഓഫീസ് സ്റ്റാഫംഗമായി പ്രവർത്തിച്ചിരുന്ന ശ്രീ. കുരുവിള നൈനാന്റെ ആകസ്മികമായ വേർപാട്. അദ്ദേഹത്തിന്റെ വേർപാട് എല്ലാവരേയും ദുഃഖത്തിലാഴ്ത്തുകയുണ്ടായി. വേർപാടിന്റെ ദുഃഖത്തിലായിരിക്കുന്ന കുടുംബത്തിന്റെ ആശ്വാസത്തിനായി ഒരിക്കൽ കൂടി പ്രാർത്ഥിക്കുന്നു.

ഗാന്ധിജി വിഭാവനം ചെയ്തതുപോലെ നമ്മുടെ രാഷ്ട്രത്തിന്റെ പ്രഥമ പൗരനായി പാർശ്വവത്കരിക്കപ്പെട്ട ഒരു സമൂഹത്തിൽ നിന്ന് രണ്ടാമതൊരാൾ കൂടി ഉയർത്തപ്പെട്ടു എന്നത് ഭാരതമിന്നും ഗാന്ധിയൻ മൂല്യങ്ങളെ വിസ്മരിച്ചിട്ടില്ല എന്നതിന്റെ വ്യക്തമായ ഒരു അടയാളമാണ്. സർവ്വാദരണീയനായി, ഗാന്ധിജിയുടെ വലിയ ഒരു സ്വപ്നത്തിന്റെ സാക്ഷാത്കാരമായി ഇന്ത്യയുടെ പ്രസിഡണ്ടായി ഉയർത്തപ്പെട്ട ശ്രീ. രാം നാഥ് കോവിന്ദിന് നമുക്ക് അഭിനന്ദനങ്ങൾ നേരാം. ഭാരതം കഴിഞ്ഞ 70 വർഷത്തിനുള്ളിൽ പാർശ്വവത്കരിക്കപ്പെട്ടവരുടെ ഉയർത്തെഴുന്നേൽപിനു വേണ്ടി പ്രായോഗികമായി ചെയ്ത മഹത്തായ കാര്യങ്ങൾ മനുഷ്യാവകാശങ്ങളെക്കുറിച്ചും സമൂഹത്തിലുള്ള പാർശ്വവത്കരിക്കപ്പെട്ടവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരണമെന്നുമുള്ള വലിയ പ്രഖ്യാപനങ്ങൾ നടത്തുന്ന പല ജനാധിപത്യ രാഷ്ട്രങ്ങൾ പോലും ചെയ്തിട്ടില്ല എന്നുള്ളത് ഒരു ചരിത്രയാഥാർത്ഥ്യമാണ്. പല ലോകരാഷ്ട്രങ്ങളുടെയും നേതൃസ്ഥാനത്തേക്ക് വരുന്നവർക്ക് നല്ല ദർശനങ്ങൾ ഉണ്ടായിരുന്നാൽപോലും അത് നടപ്പിലാക്കാൻ അവർക്ക് സാധിക്കാതെ വരുന്നത് മറ്റു പല ഛിദ്ര ശക്തികളും അവരുടെ കരങ്ങൾക്ക് പരോക്ഷമായ വിലങ്ങുകൾ ഇടുന്നതുകൊണ്ടാണ് എന്നതും ഒരു യാഥാർത്ഥ്യമത്രെ.

പുലാത്തീൻ നിർമ്മിതി അനുഗ്രഹകരമാംവണ്ണം പൂർത്തീകരിച്ചുകഴിഞ്ഞപ്പോൾ ഭവനരഹിതർക്കായുള്ള ഭവനനിർമ്മാണത്തിനായുള്ള ഒരു പദ്ധതി സഭ രൂപീകരിക്കുകയുണ്ടായി. സുമനസുകളായ രണ്ടു പേർ 25 ലക്ഷം രൂപ നൽകിയതുകൊണ്ടാണ് അഞ്ചു പേരെ തിരഞ്ഞെടുത്ത് ഭവനനിർമ്മാണത്തിനായി അഞ്ചു ലക്ഷം രൂപാ വീതം നൽകി ആ പദ്ധതിയിൽ ഏർപ്പെടുവാൻ സഭയ്ക്ക് സാദ്ധ്യമായത്. സഭയുടെ സൂക്ഷ്മമായ നിരീക്ഷണം ഈ നിർമ്മാണപ്രവർത്തനങ്ങളിൽ ഉണ്ട്. ആദ്യ വീടിന്റെ കൂദാശ സെപ്റ്റംബർ 1 ന് നടക്കുന്നതാണ്. രണ്ടാമതൊരു വീട് ഉടനെ പൂർത്തീകരിക്കപ്പെടും. മറ്റു മൂന്നു വീടുകളുടെ പണി ആരംഭിച്ചു കഴിഞ്ഞു. അഞ്ചു ലക്ഷം രൂപാ വീതം നൽകുവാൻ സന്നദ്ധരായി സുമനസുകൾ മുന്നോട്ടു വരികയാണെങ്കിൽ കൂടുതൽ പേർക്ക് സഹായഹസ്തം ഏകുവാൻ സാധിക്കും.

സെപ്റ്റംബർ 3-ാം തീയതി ഞായറാഴ്ച വിദ്യാഭ്യാസദിനമായി സഭയായി ആചരിക്കുകയാണ്. വിമോചനത്തിനായുള്ള വിദ്യാഭ്യാസമെന്നതാണ് അന്നത്തെ ചിന്താവിഷയം. വിദ്യാഭ്യാസം എന്തിനുവേണ്ടി? എന്ന ചോദ്യത്തിന് നാം നിരന്തരം ഉത്തരം കണ്ടെത്തിക്കൊണ്ടിരിക്കുകയും നിരന്തരം നമ്മുടെ ദർശനം പുതുക്കിക്കൊണ്ടിരിക്കുകയും ചെയ്യേണ്ടത് ഏറെ ആവശ്യമാണ്. എല്ലാവിധമായ അജ്ഞതയിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നുമുള്ള വിമോചനമാണ് ശരിയായ വിദ്യാഭ്യാസം. ഒരു വ്യക്തി ആയിരിക്കുന്ന അവസ്ഥയിൽ നിന്ന് ആയിരിക്കേണ്ടുന്ന അവസ്ഥയിലേക്ക് ആയിത്തീരുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസത്തിലൂടെ മാത്രമെ ഇത് സാധ്യമാകയുള്ളൂ. അന്നേദിവസം സഭയായി ധ്യാനിക്കുന്നത് യരുശലേം ദൈവാലയം ശുദ്ധീകരിച്ച യേശുവിന്റെ സുധീരമായ ഇടപെടലിനെക്കുറിച്ചാണ് (മർക്കൊ. 11:15-18). ഓരോ വ്യക്തിജീവിതവും ദൈവത്തിന്റെ ആലയം പോലെ പരിശുദ്ധമായിരിക്കേണ്ടതാണ്. എന്നാൽ നാം അതിനെ അജ്ഞതകൊണ്ടും വിദ്വേഷംകൊണ്ടും അഹങ്കാരം കൊണ്ടും സകല അന്ധകാരശക്തികളുടെയും ഗുഹയാക്കി മാറ്റുകയാണെങ്കിൽ നമ്മുടെ ജീവിതം തകർന്നടിഞ്ഞു പോകുക തന്നെ ചെയ്യും. ഗുരു അന്ധകാരത്തെ നീക്കുന്നവനാണല്ലോ. ക്രിസ്തു എന്ന ഗുരു നമ്മുടെ ജീവിതത്തിലേക്കു കടന്നുവരുമ്പോൾ നമ്മുടെ ജീവിതം അന്ധകാരം നീങ്ങി ദൈവത്തിന്റെ ആലയത്തിന്റെ വിശുദ്ധിയിലേക്ക് ഉയരും. വിദ്യാഭ്യാസം ഇപ്രകാരം വെളിച്ചത്തിലേക്കുള്ള ഒരു പ്രയാണമാണ്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ദർശനത്തോടുകൂടി മുന്നേറുന്നതിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതായിട്ടുണ്ട്. ഡോ. സ്റ്റാൻലി ജോൺസ് ഒരിക്കൽ മാരാമൺ കൺവൻഷനിൽ പ്രസംഗിച്ചപ്പോൾ ഇപ്രകാരം പറഞ്ഞു- "An educated man without character is an educated fool. 'അന്ന് ആ പ്രസംഗം പരിഭാഷപ്പെടുത്തിയ അയിരൂരച്ചൻ ഇപ്രകാരമാണ് പറഞ്ഞത് - "വിദ്യാഭ്യാസമുണ്ടെങ്കിലും സ്വഭാവവിഹീനനായാൽ അവനൊരു കവലചട്ടമ്പിയാണ്." ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ അവസ്ഥ സ്വഭാവ ശ്രേഷ്ഠതയുള്ള വ്യക്തികളെ വളർത്തിയെടുക്കുന്നതാണോ അതോ കവല ചട്ടമ്പികളെ വളർത്തിയെടുക്കുന്നതാണോ എന്ന് ആത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു. സെപ്റ്റംബർ 10 ഞായർ സേവികാസംഘദിനമായി സഭ ആചരിക്കുന്നു. 'സ്ത്രീകൾ രൂപാന്തരത്തിന്റെ മാർഗ്ഗദർശികൾ' എന്ന ചിന്താവിഷയമാണ് സഭയായി അന്ന് ധ്യാനിക്കുന്നത്. സ്ത്രീ ശാക്തീകരണത്തെക്കുറിച്ച് ആധുനിക കാലത്ത് വലിയ ദർശനങ്ങൾ രൂപപ്പെട്ടു വരുന്നതിന് എത്രയോ കാലം മുമ്പു തന്നെ മാർത്തോമ്മാ സഭ സ്ത്രീ ശാക്തീകരണത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വ്യാപരിച്ചു എന്നത് നാം ഓർക്കേണ്ട ഒരു യാഥാർത്ഥ്യമാണ്. സ്ത്രീവിദ്യാഭ്യാസത്തിനുവേണ്ടിയുള്ള മൂല്യാധിഷ്ഠിത വിദ്യാപീഠങ്ങൾ സഭയായി സ്ഥാപിക്കുന്നതിന് പ്രചോദനമായി നിന്ന മിസസ് നിക്കോൾസൺ, മിസ് കെല്ലവേ, മിസ് വാർഡ് ആദിയായ പാശ്ചാത്യ മിഷനറിമാർ

നൽകിയ ഉൾക്കാഴ്ചയുടെ വെളിച്ചത്തിനായി നമുക്ക് ദൈവത്തെ സ്തുതിക്കാം. തിരുവല്ലാ നിക്കോൾസൺ സ്കൂൾ, കൊട്ടാരക്കര ഗേൾസ് സ്കൂൾ, ആനപ്രമ്പാൽ ഗേൾസ് ഹൈസ്കൂൾ, കോഴഞ്ചേരി ഗേൾസ് ഹൈസ്കൂൾ, പെരുമ്പാവൂർ വിമൻസ് കോളേജ് എന്നിവയുടെയെല്ലാം രൂപപ്പെടലിൽ സഭയുടെ സ്ത്രീശാക്തീകരണത്തിനായുള്ള ദർശനം വളരെ വ്യക്തമായി പ്രകടമാണ്. ആരാധനയിലും സ്ത്രീ പങ്കാളിത്തത്തിന് വലിയ പ്രാധാന്യം കൽപിച്ച സഭയാണ് നമ്മുടെ മാർത്തോമ്മാ സഭ. ആരാധനാസ്ഥലത്തുള്ള ഇരിപ്പിട സൗകര്യങ്ങൾ, ആരാധനാമദ്ധ്യേ വചനശുശ്രൂഷ നടത്തുവാനുള്ള സ്വാതന്ത്ര്യം, വിശുദ്ധ കുർബാന മദ്ധ്യേ പാഠം വായിക്കുന്നതിനുള്ള അവസരങ്ങൾ, ചില പ്രത്യേക അവസരങ്ങളിൽ കുർബാനയിൽ അസിസ്റ്റ് ചെയ്യാനുള്ള അവസരം എന്നിവയെല്ലാം സ്ത്രീകൾക്കു നൽകുന്നതിൽ മാർത്തോമ്മാ സഭ എന്നും മുൻപന്തിയിൽ തന്നെയായിരുന്നു. ദശകങ്ങൾക്കു മുമ്പു തന്നെ വനിതാമന്ദിരം ചാപ്പലിൽ വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കുമ്പോൾ കുർബാനയിൽ അസിസ്റ്റ് ചെയ്തിരുന്നത് സ്ത്രീകളായിരുന്നു. 1975 ൽ എപ്പിസ്കോപ്പൽ സ്ഥാനാഭിഷേകം നടക്കുമ്പോൾ ആ ശുശ്രൂഷയിൽ രണ്ടാം പാഠം വായിക്കുന്നതിന് കാലം ചെയ്ത ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി സ്ത്രീകൾക്ക് അവസരം നൽകുകയുണ്ടായി. അതിനെ തുടർന്നാണ് പള്ളി ആരാധനയിൽ സ്ത്രീകൾ രണ്ടാം പാഠം വായിക്കുന്ന രീതി രൂപപ്പെട്ടത്. ഏതെങ്കിലും ഒരു പ്രമേയത്തിന്റെയോ അവകാശവാദമുന്നയിക്കലിന്റെയോ പേരിലല്ല പാഠം വായിക്കുന്നതിന് സ്ത്രീകൾക്ക് അവസരം നൽകുന്ന പതിവ് മാർത്തോമ്മാ സഭയിൽ ആരംഭിച്ചത് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. കൂടാതെ എപ്പിസ്കോപ്പൽ നോമിനേഷൻ ബോർഡുൾപ്പെടെയുള്ള സമിതികളിൽ ഇന്നും സ്ത്രീകൾക്ക് തെരഞ്ഞെടുക്കപ്പെടുവാനുള്ള അർഹതയുണ്ട് എന്ന് നാം പ്രത്യേകം ഓർക്കേണ്ടതാണ്.

സെപ്റ്റംബർ 17-ാം തീയതി ഞായറാഴ്ച വയോജനദിനമായി വേർതിരിച്ചിരിക്കുന്നു. “മുതിർന്ന തലമുറ:ഫലദായക ജീവിതത്തിന്റെ ഉടമകൾ” എന്ന ചിന്താവിഷയമാണ് വയോജനദിനധ്യാനത്തിനായി സഭ നിശ്ചയിച്ചിരിക്കുന്നത്. ദൈവം മോശെ മുഖാന്തിരം മനുഷ്യന് നൽകിയ പത്തു കൽപനകളിൽ മാനുഷിക ബന്ധങ്ങളെക്കുറിച്ച് അതിശക്തമായ രീതിയിൽ ബോദ്ധ്യപ്പെടുത്തുന്ന കൽപനയാണ് “നിന്റെ ദൈവമായ യഹോവ നിനക്ക് തരുന്ന ദേശത്ത് നിനക്ക് ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്കുക” (പുറ.20:12) എന്നുള്ളത്. എന്നാൽ ഇന്ന് ഈ കൽപന പാലിക്കുന്നതിൽ നമ്മുടെ യുവതലമുറ എത്രമാത്രം ശ്രദ്ധിക്കുന്നുണ്ട് എന്ന് നാം ചിന്തിക്കേണ്ടതാണ്. വൃദ്ധരായ മാതാപിതാക്കളെ ആരാധനാലയങ്ങളുടെ മുമ്പിൽ കൊണ്ടുപോയി ഉപേക്ഷിച്ചിട്ട് പോകുന്ന ക്രൂരത നാം ഇന്ന് സമൂഹത്തിൽ കാണുകയാണ്. നമ്മുടെ നാട്ടിൽ ഒരു പഴഞ്ചൊല്ലുണ്ട് - “കട്ടിലിൽ കിടക്കുന്ന ഒരു അപ്പനെ മകൻ കാലിൽ പിടിച്ച് താഴെയിട്ടാൽ ആ മകന്റെ മകൻ അപ്പനെ കട്ടിലിൽ നിന്ന് താഴെവലിച്ചിടുക മാത്രമല്ല വഴിവരെ കാലിൽ പിടിച്ച് വലിച്ചുകൊണ്ടുപോകുകയും ചെയ്യും” എന്നാണ് ആ പഴഞ്ചൊല്ലിൽ പറയുന്നത്. രൂത്തിന്റെ ശ്രേഷ്ഠമായ മാതൃക നാം ഓർക്കുക. തന്റെ അമ്മാവിയമ്മയായ നവോമിയെ രൂത്ത് ആദരിച്ച വിധം ഒരു സമുന്നതമായ മാതൃകയാണ്. രൂത്ത് ഒരു വിജാതീയ സ്ത്രീയാണ്. രൂത്തിന്റെ ഭർത്താവ് മരിച്ചു. അവർ വന്നു ചേർന്ന ദേശത്ത് അവർ അനാഥരെപ്പോലെയാവുകയാണ്. രൂത്തിന്റെ ഭർത്താവ് മരിച്ചുപോയിട്ടും സ്വന്തം ദേശത്തേയ്ക്ക് മടങ്ങിപ്പോയി മറ്റൊരു വിവാഹം കഴിച്ച് ജീവിക്കാൻ നവോമി ഉപദേശിച്ചിട്ടും അതിനൊന്നും തയ്യാറാകാതെ രൂത്ത് നവോമിയോടു പറഞ്ഞത് - “നിന്നെ വിട്ടുപിരിവാനും നിന്റെ കൂടെ വരാതെ മടങ്ങിപ്പോകുവാനും എന്നോടു പറയരുതേ; നീ പോകുന്നേടത്ത് ഞാനും പോരും, നീ പാർക്കുന്നയിടത്ത് ഞാനും പാർക്കും, നിന്റെ ജനം എന്റെ ജനം, നിന്റെ ദൈവം എന്റെ ദൈവം, നീ മരിക്കുന്നയിടത്ത് ഞാനും മരിച്ച് അടക്കപ്പെടും, മരണത്താലല്ലാതെ ഞാൻ നിന്നെ വിട്ടുപിരിഞ്ഞാൽ യഹോവ തക്കവണ്ണം അധികവും എന്നോടു ചെയ്യുമാറാകട്ടെ (രൂത്ത് 1:16-17). മുതിർന്ന തലമുറയെ എങ്ങനെ ആദരിക്കണം എങ്ങനെ കരുതണം എന്ന് രൂത്ത് നമ്മെ പഠിപ്പിക്കുന്നു.

സെപ്റ്റംബർ 24-ാം തീയതി ഞായറാഴ്ച ‘ഇതര വിശ്വാസ സമൂഹമദ്ധ്യേ ക്രൈസ്തവ സാക്ഷ്യം’ എന്ന ചിന്തയെ അടിസ്ഥാനമാക്കിയാണ് നാം ധ്യാനിക്കുന്നത്. ഭാരതീയ സംസ്കാരം നാനാത്വത്തിൽ ഏകത്വം ദർശിച്ച സംസ്കാരമാണ്. മതബഹുലതയുടെ പശ്ചാത്തലത്തിലാണ് ഭാരതത്തിൽ ക്രൈസ്തവ സാക്ഷ്യം നിർവ്വഹിക്കാനുള്ളത്. നമ്മുടെ വിശ്വാസപ്രമാണങ്ങളിൽ ഉറച്ചു നിൽക്കുമ്പോൾ തന്നെയും നന്മയുടെ മൂല്യങ്ങളെ എല്ലായിടത്തുനിന്നും ഉൾക്കൊള്ളുവാൻ ലോകത്തെ പഠിപ്പിച്ച ഒരു സംസ്കാരമാണ് നമ്മുടെ സംസ്കാരം. 1893 ൽ ഷിക്കാഗോയിൽ വെച്ചു നടന്ന ലോകമത സമ്മേളനത്തിന്റെ സമാപന സമ്മേളനത്തിൽ സ്വാമി വിവേകാനന്ദൻ പ്രസംഗിച്ചപ്പോൾ എങ്ങനെയാണ് എല്ലാ മതങ്ങളിൽ നിന്നും നന്മ ഉൾക്കൊണ്ടു നാം വളരേണ്ടത് എന്നതിനെക്കുറിച്ച് ഒരു ഉദാഹരണത്തിലൂടെ ഇപ്രകാരം വ്യക്തമാക്കുകയുണ്ടായി. “വിത്ത് മണ്ണിൽ നട്ടു കഴിഞ്ഞാൽ മണ്ണും വെള്ളവും വായുവും അതിനു ചുറ്റുമുണ്ട്. വിത്ത് മണ്ണായിത്തീരുമോ? വായുവോ, ജലമോ ആയിത്തീരുമോ? ഇല്ല, അതൊരു ചെടിയായിത്തീരുന്നു. അത് അതിന്റേതായ വളർച്ചാ നിയമങ്ങൾക്കനുസരിച്ച് വളരുന്നു. വെള്ളത്തെയും മണ്ണിനെയും വായുവിനെയും ആഗിരണം ചെയ്യുന്നു, അവയെ ചെടിയുടെ ഭാഗമാക്കി മാറ്റുന്നു. അങ്ങനെ അതു വളർന്ന് ഒരു ചെടിയായിത്തീരുന്നു”. നന്മയുടെ മൂല്യങ്ങൾ സമൂഹത്തിൽ നിന്നും സ്വാംശീകരിച്ച് വളരുന്നതിനെക്കുറിച്ച് പറയുമ്പോഴാണ് സ്വാമിവിവേകാനന്ദൻ ഈ ദൃഷ്ടാന്തം ഉദാഹരിക്കുന്നത്. സ്വീകരിക്കാൻ പറ്റുന്നവയെ സ്വീകരിക്കുവാനും സ്വീകരിക്കുവാൻ പറ്റാത്തവയെ പുച്ഛിച്ച് തള്ളാതെ ആദരിക്കുവാനും കഴിയുന്നതിലൂടെയാണ് നമുക്ക് നമ്മുടെ സാക്ഷ്യം ഇതര വിശ്വാസ സമൂഹ മദ്ധ്യേ പ്രഘോഷിക്കുവാൻ കഴിയുന്നത്.

“അങ്ങനെ തന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ” (മത്തായി 5:16).

കൃപ നിങ്ങളോടേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

പുലാത്തീൻ,
29-08-2017

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**